**ന്യൂലൈഫ്**
**ബൈബിൾ പഠന കോഴ്സ്**

പേര്.............................................

# സഭ

**യൂണിറ്റ് A**

**പഠനം 1. "എന്റെ സഭ"**

**വായിക്കുക: മത്തായി 16 :13 23**

**താക്കോൽവാക്യം:– മത്തായി 16 :18**

**" നീ പത്രോസ് ആകുന്നു ഈ പാറമേൽ ഞാൻ എന്റെ സഭയെ പണിയും പാതാള ഗോപുരങ്ങൾ അതിനെ ജയിക്കുകയില്ല എന്ന് ഞാൻ നിന്നോട് പറയുന്നു."**

യേശുക്രിസ്തുവിന്റെ ഐഹീക ജീവിത കാലഘട്ടത്തിന്റെ ഒടുവിലത്തെ മൂന്ന് വർഷക്കാലം താൻ മറ്റുള്ളവരോട് പ്രഘോഷിച്ചും, ഉപദേശിച്ചും, സൗഖ്യപ്പെടുത്തിയും ദേശത്തിലുടനീളം സഞ്ചരിച്ചു. ഇപ്പോൾ യേശു ക്രിസ്തു വടക്കുഭാഗത്തുള്ള കൈസര്യ ഫിലിപ്പിയിൽ നിന്നും യെരൂശലേമിലേക്കു പോകുകയാണ്. താൻ അവിടെ എത്തുമ്പോൾ എന്തൊക്കെ സംഭവിക്കും എന്ന് 21-ാം വാക്യത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത് പ്രത്യേകം ശ്രദ്ധിക്കുക.

ഈ യാത്ര തുടങ്ങുമ്പോൾ തന്നെ താൻ ആരാണെന്ന് ശിഷ്യന്മാരോട് ചോദിക്കുന്നുണ്ട്. ജനങ്ങൾ മനുഷ്യപുത്രനെ ആര് എന്നുള്ള പൊതുവായ ഒരു ചോദ്യത്തിനു ശിഷ്യന്മാർ വ്യത്യസ്തമായ ഉത്തരങ്ങൾ നൽകുന്നുണ്ട്.15-ാം വാക്യത്തിൽ "നിങ്ങളോ എന്നെ ആരെന്നു" പറയുന്നു?. യേശു രണ്ടാമത് ചോദിക്കുമ്പോൾ പത്രോസ് പറഞ്ഞത് "നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തു ആകുന്നു."

പത്രോസിന്റെ മറുപടി പൂർണമായും ശരിയാണ് എന്ന് യേശു അംഗീകരിച്ചു.എന്നാൽ പത്രോസിനു ഈ സത്യം മനസിലായത് തന്റെ ബുദ്ധി (ജഡവും രക്തവും) കൊണ്ടല്ല മറിച്ച് സ്വർഗ്ഗസ്ഥനായ എന്റെ പിതാവത്രെ നിനക്ക് ഇത് വെളിപ്പെടുത്തിയത് എന്ന് യേശു പത്രോസിനെ ഓർമിപ്പിക്കുന്നുണ്ട്.

പത്രോസ് പറഞ്ഞ ഈ പ്രധാനപ്പെട്ട പ്രസ്താവനയ്ക്ക് ശേഷമാണ് യേശുക്രിസ്തു ആദ്യമായി സഭയെക്കുറിച്ച് സംസാരിക്കാൻ ആരംഭിച്ചത്.സഭയെകുറിച്ചുള്ള ഉപദേശം " യേശുക്രിസ്തു ജീവനുള്ള ദൈവത്തിന്റെ പുത്രൻ " എന്ന വ്യക്തി സവിശേഷതയോട് ചേർന്ന് നിൽക്കുന്ന ഒരു സത്യം ആണ്. അങ്ങനെയുള്ള ഒരു വ്യക്തിക്ക് മാത്രമേ " എന്റെ സഭയെ " പണിയും എന്ന് ആധികാരികമായി പറയുവാൻ സാധിക്കുകയുള്ളൂ.

ശ്രദ്ധിക്കേണ്ട 4 പ്രധാനപ്പെട്ട കാര്യങ്ങൾ.

## 1. സഭയുടെ അടിസ്ഥാനം

" ഈ പാറ"

സഭ പണിതിരിക്കുന്നത് പത്രോസ് എന്ന അടിസ്ഥാനത്തിന്മേൽ അല്ല. ഈ പാറ എന്നത് ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തു എന്ന അടിസ്ഥാനത്തിന്മേൽ ആണ്. അവൻ മാത്രമാണ് സുരക്ഷിതവും ശാശ്വതവും ആയ അടിസ്ഥാനം. പത്രോസിന്റെയും അപ്പോസ്തലന്മാരുടെയും പ്രസംഗത്തിൽ യേശുക്രിസ്തുവിൽ ആശ്രയിക്കുവാൻ ജനങ്ങളെ പ്രബോധിപ്പിച്ചു. മനുഷ്യർ എത്ര നല്ലവരാണെങ്കിലും അവരിൽ ആശ്രയിക്കുന്നതുകൊണ്ടു ഒരു പ്രയോജനവും ഇല്ല (വായിക്കുക ***പ്രവൃത്തി 4 :12 , 1 കൊരിന്ത്യർ 3 :11)***

## 2. സഭയുടെ പണി.

("ഞാൻ പണിയും")

ഞാൻ എന്റെ സഭയെ പണിതു എന്നല്ല ഞാൻ എന്റെ സഭയെ പണിയും എന്നാണ് യേശു പറഞ്ഞത്.എന്നാൽ സഭയുടെ പണി തുടങ്ങുവാൻ മൂന്ന് കാര്യങ്ങൾ സംഭവിക്കണം.

a. യേശുക്രിസ്തുവിന്റെ മരണം ഇതിലൂടെ ആണ് സഭയുടെ അംഗങ്ങൾ ആകുവാൻ പോകുന്ന ഓരോ വ്യക്തിയുടെയും പാപമോചനം സാധ്യമാകുന്നത്. "ക്രിസ്തുവും സഭയെ സ്നേഹിച്ചതുപോലെ" ***(എഫെസ്യർ 5 :25)***

b. ക്രിസ്തുവിന്റെ ഉയിർത്തെഴുന്നേല്പ് അവനിൽ വിശ്വസിക്കുന്നവർക്ക് നിത്യജീവൻ നൽകുന്നത് ക്രിസ്തുവിന്റെ ഉയിർത്തെഴുന്നേൽപ്പിന്റെ ശക്തിയിലൂടെയാണ് ***(എഫെസ്യർ 1 :19 23)***

c. പരിശുദ്ധാത്മാവിന്റെ ആഗമനം ക്രിസ്തുവിന്റെ സ്വർഗ്ഗാരോഹണത്തിനു ശേഷം പരിശുദ്ധാത്മാവിന്റെ ആഗമനത്തോടെയാണ് ഒരു വ്യക്തിയെ സുവിശേഷത്തിൽ ബോധ്യപ്പെടുത്തിദൈവസഭയുടെഅംഗങ്ങൾആക്കിതീർക്കുന്നത് ***(യോഹന്നാൻ 16 :7 11)***

## 3. സഭയുടെ വേർപാട്

"ഞാൻ എന്റെ സഭയെ പണിയും"

വിളിച്ചു വേർതിരിക്കപ്പെട്ട ഒരു കൂട്ടം എന്നതാണ് തിരുവചനത്തിൽ സഭ എന്ന പദത്തിനർത്ഥം.ഒരുമിച്ചു കൂടാനുള്ള കെട്ടിടം അല്ല.ഒരുമിച്ചു കൂടുന്ന ജനത്തെയാണ് ഈ വാക്കുകൊണ്ട് ഉദ്ദേശിക്കുന്നത്.മുകളിൽ രേഖപ്പെടുത്തിയിരിക്കുന്ന സംഭവങ്ങൾക്കു ശേഷം തന്നിൽ വിശ്വസിക്കുവാൻ ഇരിക്കുന്നവരെക്കുറിച്ചാണ് "എന്റെ സഭ" എന്നതുകൊണ്ട് കർത്താവ് ഉദ്ദേശിച്ചത്. ഈ സഭയുടെ പണിക്കായി ഉപയോഗിക്കുന്ന ഓരോ കല്ലുകളും വലിയ വില കൊടുത്തു വാങ്ങിയിരിക്കുന്നതാകയാൽ വളരെ വിലപ്പെട്ടതാണ്. ഓരോ വ്യക്തികളും ഈ പാപം നിറഞ്ഞ ലോകത്തിൽ നിന്നും പ്രത്യേകമായി വിളിച്ചു "വേർതിരിക്കപ്പെട്ട്" യേശുക്രിസ്തുവിൽ ആക്കിയിരിക്കുകയാണ്.

## 4. സഭയുടെ സുരക്ഷിതത്വം

"പാതാളഗോപുരങ്ങൾ (നരകം) അതിനെ ജയിക്കുകയില്ല "

സഭയുടെ പൂർത്തീകരണത്തിൽ നിന്നും ക്രിസ്തുവിനെ തടയുവാൻ പിശാചിനോ, മരണത്തിനോ, യാതൊരു ശക്തിക്കോ സാധിക്കുകയില്ല. യേശു ആരാകുന്നു എന്നതിന്റെ അടിസ്ഥാനത്തിൽ തന്റെ പദ്ധതികൾ പൂർത്തീകരിക്കുവാൻ ഉള്ള അധികാരവും ശക്തിയും തനിക്ക് ഉണ്ട്.നൂറ്റാണ്ടുകളായി ക്രിസ്ത്യാനികൾ പീഡിപ്പിക്കപ്പെട്ടിട്ടും കൊല്ലപ്പെട്ടിട്ടും ഇന്നും ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തുവിന്റെ സഭ വളർന്നുകൊണ്ടിരിക്കുന്നു.

# ന്യൂലൈഫ്
# പ്രവൃത്തി പരിചയം

**1** യെരുശലേമിൽ യേശു എത്തുമ്പോൾ തനിക്കു എന്ത് സംഭവിക്കും എന്നാണ് യേശു പറഞ്ഞത്? നിങ്ങളുടെ വാക്കുകളിൽ വിവരിക്കുക. (3)

.............................................................................................................

.............................................................................................................

**2** *A.* കൈസര്യയിലെ ഫിലിപ്പിയയിൽ വെച്ച് യേശു തന്റെ ശിഷ്യന്മാരോട് ചോദിച്ചതെന്താണ്? (4)

.............................................................................................................

*B.* അവർ പറഞ്ഞ 4 ഉത്തരങ്ങൾ ഏവ?

.............................................................................................................

.............................................................................................................

*C.* യജമാനന്റെ രണ്ടാമത്തെ ച്യോദ്യത്തിനു പത്രോസ് പറഞ്ഞ മറുപടി എന്തായിരുന്നു?

.............................................................................................................

**3** ശരിയോ തെറ്റോ എന്ന് എഴുതുക (5)

**a.** ചിലർ യേശുവിനെക്കുറിച്ച് ചിന്തിച്ചത് യോഹന്നാൻ സ്നാപകൻ ഉയിർത്തെഴുന്നേറ്റു എന്നായിരുന്നു ...........

**b.** പത്രോസിന്റെ മൗഢ്യമായ മറുപടിയെ യേശു ശാസിച്ചു .............

**c.** യേശുവിനെക്കുറിച്ചുള്ള പത്രോസിന്റെ പ്രസ്താവന ദൈവം അവനു വെളിപ്പെടുത്തിക്കൊടുത്തതായിരുന്നു. ............

**d.** സഭയുടെ അടിസ്ഥാനം പത്രോസാണെന്നു യേശു പ്രസ്താവിച്ചു ............

**e.** മത്തായി **16 -ാ o** അദ്ധ്യായത്തിൽ സഭയെകുറിച്ചുള്ള ആദ്യത്തെ പരാമർശം കാണുന്നു ............

**4** ബൈബിളിൽ "സഭ" എന്ന വാക്ക് എങ്ങിനെയാണ് നമ്മുടെ അനുദിന ഉപയോഗത്തിൽ നിന്നും വ്യത്യാസപ്പെട്ടിരിക്കുന്നു (3)

.............................................................................................................

**5** "പാതാളഗോപുരങ്ങൾ അതിനെ ജയിക്കുകയില്ല " (4)

**a.** ഇത് എന്തിനെ കുറിക്കുന്നു.......................................................................................

**b.** ഈ വാക്കുകൾ പറഞ്ഞത് ആരാണ്.............................................................................

**c.** ഈ വാക്കുകളുടെ അർത്ഥം എന്താണ്.........................................................................

**6** "**ഞാൻ എന്റെ സഭയെ പണിയും**" എന്ന് യേശു പറഞ്ഞതിന്റെ അർത്ഥം എന്താണ്? നിങ്ങളുടെ വാക്കുകളിൽ വിവരിക്കുക (3)

.............................................................................................................

.............................................................................................................

**7** സഭയുടെ രൂപീകരണത്തിന് മുൻപ് യേശുക്രിസ്തുവിന്റെ മരണവും ഉയിർത്തെഴുന്നേൽപ്പും ആവശ്യമായിരുന്നത് എന്തുകൊണ്ടാണ്?. (3)

.............................................................................................................

.............................................................................................................

.............................................................................................................

**25**
ആകെ മാർക്ക്

# ന്യൂലൈഫ്
ബൈബിൾ പഠന കോഴ്സ്

# സഭ

## യൂണിറ്റ് A

### പഠനം 2. സഭയുടെ ആരംഭം

പേര്............................................

**വായിക്കുക: അ. പ്രവൃത്തി 1:7-11, 2: 1 -5**

**താക്കോൽവാക്യം: 1 കൊരിന്ത്യർ 12 :13**

**" നാം എല്ലാവരും ഏക ശരീരം ആകുമാറ് ഒരേ ആത്മാവിൽ സ്നാനം ഏറ്റും....."**

മുൻപുള്ള പഠനത്തിൽ നാം പഠിച്ചതുപോലെ യേശുക്രിസ്തു സഭയെക്കുറിച്ചു ആദ്യമായി പ്രസ്താവിച്ചപ്പോൾ അത് ഭാവിയിൽ നടക്കുവാൻ പോകുന്ന ഒരു കാര്യത്തെയാണ് സൂചിപ്പിച്ചത്. "ഞാൻ എന്റെ സഭയെ പണിയും" എന്നാണ് അവൻ പറഞ്ഞത് ***(മത്തായി 16 : 18)***. യേശുക്രിസ്തുവിന്റെ മരണത്തിന് 50 ദിവസങ്ങൾക്ക് ശേഷമാണ്താൻ വാഗ്ദത്തം ചെയ്ത കാര്യങ്ങൾ നിറവേറ്റപ്പെട്ടതു.ആ ദിവസങ്ങളിലെ കാര്യങ്ങൾ / സംഭവങ്ങൾ ഒന്ന്ചിന്തിക്കുക.യേശു ഉയിർത്തെഴുന്നേറ്റതിന് ശേഷം തന്റെ ശിഷ്യന്മാർക്ക് പലപ്പോഴായി പ്രത്യക്ഷപ്പെട്ടിട്ടുണ്ട്.അവരിൽ പലരും ആദ്യം സംശയത്തോടെ വീക്ഷിച്ചു എങ്കിലും പിന്നീട് അവന്റെ ഉയിർത്തെഴുന്നേൽപ്പിന്റെ യാഥാർത്ഥ്യം അവർക്കു ബോധ്യപ്പെട്ടു. ലോകം മുഴുവൻ പോയി സർവ്വ സൃഷ്ടിയോടും സുവിശേഷം പ്രസംഗിക്കുവാൻ അവൻ അവരോടു ഉപദേശിച്ചു ***(മാർക്കോസ് 16 :15)*** എന്നാൽ ഈ വലിയ ദൗത്യം തുടങ്ങുന്നതിനു മുൻപ് പരിശുദ്ധാത്മാവിന്റെ വരവിനായി അവർ യെരുശലേമിൽ കാത്തിരിക്കേണ്ടത് ആവശ്യമായിരുന്നു.

യേശുക്രിസ്തുവിന്റെ ഉയിർത്തെഴുന്നേൽപ്പിനു നാൽപ്പത് ദിവസങ്ങൾക്ക് ശേഷം താൻ പറഞ്ഞതുപോലെ സ്വർഗ്ഗത്തിലേക്കു ആരോഹണം ചെയ്യുകയും പത്തു ദിവസങ്ങൾക്ക് ശേഷം പരിശുധാത്മാവ് അവരുടെ മേൽ വരികയും ചെയ്തു. യഹൂദ കലണ്ടറിന്റെ അടിസ്ഥാനത്തിൽ അവരുടെ വാർഷിക ഉത്സവങ്ങളുടെ ഭാഗമായ പെന്തകോസ്ത്നാളിലാണ് പരിശുദ്ധാത്മാവ് അവരുടെ മേൽ വന്നത്. എല്ലാ വർഷവും പെസഹായ്ക്ക് അമ്പതു ദിവസത്തിന് ശേഷമാണ് പെന്തക്കോസ്ത് പെരുന്നാൾ ആഘോഷിക്കുന്നത്. പെസഹനാളിലാണ് യേശു ക്രൂശിക്കപ്പെട്ടത്. ക്രിസ്തീയ വീക്ഷണത്തിൽ സഭ രൂപീകരിക്കപ്പെട്ടത് പ്രവൃത്തികളുടെ പുസ്തകം രണ്ടാം അദ്ധ്യായത്തിൽ കാണുന്നതുപോലെ പെന്തകോസ്ത് നാളിലാണ്.

സ്വർഗാരോഹണം ചെയ്ത യേശുവിന്റെ അനുഗാമികൾക്കുണ്ടായ ഈ പ്രത്യേക അനുഭവം വളരെ ശ്രദ്ധിക്കപ്പെടേണ്ടതാണ്. അവർ ഒരുമിച്ച് കൂടിയിരുന്ന വീട്ടിൽ പെട്ടെന്ന് കൊടിയ കാറ്റടിക്കുന്നതുപോലെ മുഴക്കം ഉണ്ടായി.മാത്രമല്ല അഗ്നിജ്വാല പോലെ പിളർന്നിരിക്കുന്ന നാവുകൾ അവർക്ക് പ്രത്യക്ഷമായി അവരിൽ ഓരോരുത്തന്റെ മേൽ പതിഞ്ഞു. അവർ ഒരിക്കലും ശീലിച്ചിട്ടില്ലാത്ത ഭാഷകൾ സംസാരിക്കാൻ ആരംഭിച്ചു. തീർത്തും ഗലീലക്കാരായ ആളുകൾ അവർ ഒരിക്കലും പഠിച്ചിട്ടില്ലാത്ത ഭാഷകളിൽ ദൈവത്തിന്റെ "വൻ കാര്യങ്ങളെ" പ്രഘോഷിച്ചത് അത്ഭുതകരമായ കാര്യങ്ങൾ ആയിരുന്നു ***(പ്രവൃത്തി 2 :11)*** ഈ കാര്യങ്ങൾ ഒക്കെ സംഭവിച്ചത് യേശു പറഞ്ഞതുപോലെ പരിശുദ്ധാത്മാവിന്റെ വരവോട് കൂടെയായിരുന്നു.ക്രിസ്തീയ സഭയ്ക്ക് ഒരിക്കലും മറക്കുവാൻ കഴിയാത്ത സഭയുടെ ആരംഭം ആയിരുന്നു ആ ദിവസം.ഈ കാര്യം മനസ്സിൽ വെച്ചുകൊണ്ടാണ് വർഷങ്ങൾക്കു ശേഷം പൗലോസ് താക്കോൽ വാക്യത്തിൽ കാണുന്ന വാക്കുകൾ രേഖപ്പെടുത്തിയിരിക്കുന്നത്. സ്വർഗ്ഗത്തിൽ നിന്നും ഇറങ്ങി വന്ന പരിശുദ്ധാത്മാവ് എല്ലാ ക്രിസ്തുവിശ്വാസികളെയും ഒരുമിച്ചു ചേർത്ത് ഒരു ശരീരത്തിൽ ചേർത്ത് നിർത്തിയിരിക്കുന്നു.ഒരു ശരീരത്തിലെ പല അവയവങ്ങൾ ചേർന്ന് ഒരു ജീവൽ ഘടകമായിരിക്കുന്നതുപോലെ ക്രിസ്തു വിശ്വാസികൾ എല്ലാം ഏക ശരീരത്തിൽ ഒരുമിച്ചു ചേർക്കപ്പെട്ടിരിക്കുന്നു.

യെരുശലേമിന്റെ തെരുവീഥികളിൽ തിങ്ങി നിറഞ്ഞ പുരുഷാരം ഈ കാര്യങ്ങൾക്ക് ഒരു വിശദീകരണം ആവശ്യപ്പെട്ടു. എങ്ങനെയാണു യേശുവിന്റെ ശിഷ്യന്മാർക്ക് അന്യഭാഷകളിൽ സംസാരിക്കാൻ കഴിഞ്ഞത്?. അവർക്ക് എന്താണ് സംഭവിച്ചത്?.അവരെല്ലാം വീഞ്ഞ് കുടിച്ചു മത്തരായിരിക്കുമോ?. (വാക്യം 12 ,13)

ഈ അവസരം ഉപയോഗിച്ച് പത്രോസ് അവരോട് സംസാരിച്ചത് ഇവർ വീഞ്ഞ് കുടിച്ചു മത്തരായവരല്ല പിന്നെയോ യോവേൽ പ്രവാചകൻ പറഞ്ഞത് നിവർത്തീകരണമാണ് ഇപ്പോൾ നടക്കുന്നത് എന്ന് പത്രോസ് വിവരിച്ചു. നിങ്ങൾ ക്രൂശിച്ചതും (7 ആഴ്ചകൾക്ക് മുൻപ്) എന്നാൽ ദൈവം മരിച്ചവരിൽ നിന്നും ഉയർപ്പിച്ചവനായ യേശുക്രിസ്തുവിനെക്കുറിച്ചും അവരോട് പത്രോസ് പ്രസ്താവിക്കുകയുണ്ടായി. ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തു എന്നുള്ള അവന്റെ അവകാശവാദത്തെ ശരിവെയ്ക്കുന്നതായിരുന്നു ഈ സംഭവങ്ങൾ എന്നുള്ള കാര്യവും പത്രോസ് വിശദീകരിച്ചു.

ഈ കാര്യങ്ങൾ കേട്ട പത്രോസിന്റെ കേൾവിക്കാർ പലരും ആഴത്തിൽ ചഞ്ചലപ്പെട്ടു

"സഹോദരന്മാരായ പുരുഷന്മാരെ ഞങ്ങൾ എന്ത് ചെയ്യണം" എന്ന് അവർ ചോദിച്ചു?.

പത്രോസ് അവരോട് നിങ്ങൾ "മാനസാന്തരപ്പെട്ട്" നിങ്ങളുടെ പാപങ്ങളുടെ മോചനത്തിനായി ഓരോരുത്തൻ യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനം ഏൽക്കുവിൻ , എന്നാൽ പരിശുദ്ധാത്മാവ് എന്ന ദാനം ലഭിക്കും എന്ന് പറഞ്ഞു. ***(പ്രവൃത്തികൾ 2 :37, 38)***

സഭയുടെ ആരംഭ ദിവസത്തിൽ പത്രോസ് പറഞ്ഞതുകേട്ട് ഉയിർത്തെഴുന്നേറ്റ് തേജസ്കരിക്കപ്പെട്ട ക്രിസ്തുവിൽ വിശ്വസിച്ച് പരിശുദ്ധാത്മാവിനെ സ്വീകരിച്ച് ഏകദേശം 3000 പേർ ക്രിസ്തുവിന്റെ സഭയോട് ചേർക്കപ്പെട്ടു.

കർത്താവായ യേശു താൻ പറഞ്ഞതുപോലെ സഭ പണിയുവാൻ ആരംഭിച്ചു. "എന്റെ സഭ" എന്നുള്ള ബൃഹത്തായ ആത്മീക ഘടനയിലേക്കു ഓരോ വിശ്വാസിയും ഓരോ കല്ലുകൾ എന്നപോലെ ചേർക്കപ്പെടുകയാണ്. ഇപ്പോഴും അവൻ തന്റെ സഭയെ പണിതുകൊണ്ടിരിക്കുകയാണ്.

# ന്യൂലൈഫ്
# പ്രവൃത്തി പരിചയം

**1** **താഴെ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ ഒന്ന് മുതൽ ഏഴ് വരെയുള്ള നമ്പറുകൾ ഉപയോഗിച്ച് സംഭവങ്ങൾ നടന്നതനുസരിച്ച് ക്രമത്തിൽ എഴുതുക.** 5

| | | | |
|---|---|---|---|
| യെരുശലേമിൽ വെച്ച് യേശുവിന്റെ ക്രൂശീകരണം | ☐ | കർത്താവായ യേശു അടക്കപ്പെട്ടു | ☐ |
| അപ്പസ്തോലന്മാർ യെരുശലേമിൽ കാത്തിരുന്നു. | ☐ | സഭ രൂപീകരിക്കപ്പെട്ടു | ☐ |
| 40 ദിവസങ്ങൾക്ക് ശേഷം സ്വർഗ്ഗാരോഹണം നടന്നു | ☐ | യേശു മൂന്നാം ദിവസം ഉയിർത്തെഴുന്നേറ്റു | ☐ |
| പെന്തക്കോസ്ത് നാളിൽ പരിശുദ്ധാത്മാവ് വന്നു | ☐ | | |

**2** **ദൈവത്തിന്റെ പരിശുദ്ധാത്മാവിനെ പ്രതിനിധീകരിക്കുവാൻ പലപ്പോഴും ബൈബിളിൽ " കാറ്റ് ,അഗ്നി " എന്നീ വാക്കുകൾ ഉപയോഗിച്ചിട്ടുണ്ട്. പരിശുദ്ധാത്മാവിനെ കാറ്റിനോട് ഉപമിച്ച് പറഞ്ഞിരിക്കുന്ന ചില കാര്യങ്ങൾ പങ്കുവെക്കുക** 3

......................................................................................................................

**3** **പെന്തകോസ്ത് നാളിൽ സംഭവിച്ച കാര്യങ്ങളെക്കുറിച്ച്** ***പ്രവൃത്തികളുടെ പുസ്തകം 2 :36*** **ൽ പത്രോസ് വളരെ വ്യക്തമായി വിശദീകരിക്കുന്നുണ്ട്. ഈ വാക്യം ശ്രദ്ധയോടെ വായിക്കുക. ശേഷം താഴെ പറഞ്ഞിരിക്കുന്ന ചോദ്യങ്ങൾക്കു നിങ്ങളുടെ സ്വന്തം വാക്കുകളിൽ ഉത്തരം എഴുതുക.** 4

***a.*** യഹൂദന്മാർ യേശുവിനോട് ചെയ്തത് എന്തായിരുന്നു ..........................................................

***b.*** ദൈവം യേശുവിനോട് ചെയ്തത് എന്താണ്.......................................................................

**4** **37 -ാം വാക്യത്തിൽ പത്രോസിന്റെ കേൾവിക്കാർ ഹൃദയത്തിൽ കുത്തുകൊണ്ടവരായി തീർന്നു എന്ന് രേഖപ്പെടുത്തിയിരിക്കുന്നു.** 4

***a*** അതിന്റെ അർത്ഥം എന്താണ്?.............................................................................

......................................................................................................................

***b*** അവർ പ്രതികരിച്ചപ്പോൾ ***38-ാം*** വാക്യത്തിൽ എന്തുചെയ്യാനാണ് പത്രോസ് അവരോട് പറഞ്ഞത്?

......................................................................................................................

......................................................................................................................

**5** **പ്രവൃത്തികളുടെ പുസ്തകം രണ്ടാം അദ്ധ്യായത്തിലെ പെന്തകോസ്ത് നാൾ ക്രിസ്തീയ ചരിത്രത്തിലെ മറക്കാനാകാത്ത ദിവസമാണ് കാരണമെന്ത്?** 3

......................................................................................................................

......................................................................................................................

......................................................................................................................

**6** **പെന്തക്കോസ്ത് നാളിൽ യെരുശലേമിലെ വീട്ടിൽ വെച്ച് ആദിമ ക്രിസ്ത്യാനികൾക്കുണ്ടായ അനുഭവങ്ങൾ നിങ്ങളുടെ സ്വന്തം വാക്കുകളിൽ എഴുതുക** 6

......................................................................................................................

......................................................................................................................

......................................................................................................................

......................................................................................................................

**25**

ആകെ മാർക്ക്

## പഠനം 3. സഭയുടെ സ്വഭാവവും പൂർത്തീകരണവും

പേര്..............................................

**വായനാഭാഗം: എഫേസ്യർ 5: 22-33, 1 തെസ്സലോനിക്യർ 4: 13 -18**

**താക്കോൽവാക്യം: കൊലോസ്യർ 1 :18**

**"അവൻ സഭ എന്ന ശരീരത്തിന്റെ തലയും ആകുന്നു. സകലത്തിനും താൻ മുമ്പനാകേണ്ടതിന് അവൻ ആരംഭവും മരിച്ചവരുടെ ഇടയിൽ നിന്ന് ആദ്യനായി എഴുന്നേറ്റവനും ആകുന്നു."**

പ്രവൃത്തികളുടെ പുസ്തകം രണ്ടാം അദ്ധ്യായത്തിൽ രൂപപ്പെട്ട സഭ ഇന്നും നിലനിൽക്കുന്നു.സഭയുടെ ആദിമകാലവിശ്വാസികൾ ഒക്കെ മരിച്ചു എങ്കിലും ,ഇന്നും ദൈവം തന്റെ സഭയിലേക്ക് അംഗങ്ങളെ ചേർത്തുകൊണ്ടിരിക്കുന്നു. ഒരു വ്യക്തി പാപത്തെ ഓർത്ത് മനസാന്തരപ്പെടുകയും അവന്റെ അല്ലെങ്കിൽ അവളുടെ വിശ്വാസം യേശുക്രിസ്തുവിൽ അർപ്പിക്കുകയും ചെയ്യുമ്പോൾ ആ വ്യക്തി ക്രിസ്തുവിന്റെ സഭയിലെ " ജീവനുള്ള കല്ലായി" മാറുന്നു. ***(1പത്രോസ്2 :5)***

സഭ അതിന്റെ പൂർണതയിലേക്ക് ഇതുവരെ എത്തിച്ചേർന്നിട്ടില്ല എന്ന് നമുക്ക് മനസിലാക്കുവാൻ കഴിയും. ഇപ്പോഴും സഭ പണിയപ്പെട്ടുകൊണ്ടിരിക്കുകയാണ് എന്നാൽ താമസിയാതെ സഭയുടെ പണി അതിന്റെ പൂർണതയിലേക്ക് എത്തുകയാണ്. പ്രവൃത്തികളുടെ പുസ്തകം രണ്ടാം അദ്ധ്യായത്തിൽ ആരംഭിച്ച സഭയുടെ പണി അക്ഷരാർത്ഥത്തിൽ ഉള്ള ഒരു കെട്ടിടം പണി അല്ല പിന്നെയോ ക്രിസ്തുവിനോട് ചേർക്കപ്പെട്ടിട്ടുള്ള അനേകം വ്യക്തികളെക്കൊണ്ട് പണിയപ്പെടുന്നതാണ്.

സഭ ദൈവത്തിന്റെ പദ്ധതിയാണ്, സഭയുടെ ഉടമസ്ഥൻ ദൈവമാണ് ദൈവത്തിന്ന് സഭയെക്കുറിച്ച് വലിയ ഉദ്ദേശങ്ങൾ ഉണ്ട് സഭയെ ദൈവം അതിന്റെ പൂർണതയിലേക്ക് എത്തിക്കുകയും ചെയ്യും.ബൈബിൾ ഈ കാര്യത്തെ കുറിച്ച് പല നിലയിൽ വിശദീകരിച്ചിട്ടുണ്ട്.

1. കർത്താവായ യേശു പറഞ്ഞു "**ഞാൻ എന്റെ സഭയെ പണിയും പാതാളഗോപുരങ്ങൾ (നരകം) അതിനെ ജയിക്കുകയില്ല"** ***(മത്തായി 16 :18)*** അതിന്റെ അർത്ഥം മരണത്തിന്റെ ശക്തിക്ക് ക്രിസ്തുവിന്റെ സഭയെ ജയിക്കുവാൻ സാധിക്കുകയില്ല. വിശ്വാസികൾ മരിക്കുന്നുണ്ട് എങ്കിലും അവർ ക്രിസ്തുവിനോട് ചേർക്കപ്പെട്ടിരിക്കയാൽ ക്രിസ്തുവിന്റെ മരണ പുനരുത്ഥാനം ഓരോ വിശ്വസിക്കും നിത്യജീവനെ ഉറപ്പ് നൽകുന്നു. ***(2 തിമൊഥെയൊസ് 2:11)***

2. കർത്താവായ യേശു ആഴത്തിൽ സ്നേഹിക്കുകയും ആ സഭയെ സ്വന്തമായി സൂക്ഷിക്കുവാൻ വലിയ വില നൽകുകയും ചെയ്തു.എഫേസ്യർ 5 :25 ൽ പറയുന്നത് ക്രിസ്തുവും സഭയെ സ്നേഹിച്ചു തന്നെത്താൻ സഭയ്ക്കു വേണ്ടി ഏല്പിച്ചു കൊടുത്തു എന്നാണ്. ക്രിസ്തുവിന് സഭ വളരെ വിലയുള്ളതാകയാൽ താൻ ഒരിക്കലും സഭയെ ഉപേക്ഷിക്കുകയില്ല എന്ന് മാത്രമല്ല കറ, ചുളുക്കം മുതലായത് ഒന്നും ഇല്ലാതെ സഭയെ ശുദ്ധയും നിഷ്കളങ്കയുമായി തനിക്കുതന്നെ തേജസ്സോടെ മുൻ നിറുത്തേണ്ടതിന്നുമായി തന്നെത്താൻ ഏല്പിച്ചു കൊടുത്തു. ***(എഫേസ്യർ 5 :27)***

3. ക്രിസ്തു സഭയുടെ തലയും സഭ ക്രിസ്തുവിന്റെ ശരീരവും എന്ന നിലയിൽ ക്രിസ്തുവും സഭയുമായുള്ള ബന്ധം വളരെ വ്യക്തമായി പുതിയ നിയമത്തിൽ പ്രതിപാദിച്ചിട്ടുണ്ട്. ഉദാഹരണമായി ***എഫേസ്യർ 1 :22 ,23*** ൽ സഭ എന്ന "ശരീരത്തിന്റെ" "തലയാണ്" ക്രിസ്തു. നമുക്കറിയാവുന്നതുപോലെ നമ്മുടെ തലയാണ് (തലച്ചോർ സ്ഥിതി ചെയുന്ന സ്ഥലം) ശരീരത്തിന്റെ എല്ലാ ചലനങ്ങളും നിയന്ത്രിക്കുന്നത്. യേശുക്രിസ്തുവിന് സഭയുടെ മേൽ ഉള്ള അംഗീകാരവും നിയന്ത്രണവും കാണിക്കുവാനാണ് ഇത്തരത്തിലുള്ള ഉപമ ഉപയോഗിക്കുന്നത്. ***കൊലോസ്യർ 1:18*** ൽ യേശുക്രിസ്തു "സഭയെന്ന ശരീരത്തിന്റെ തലയാകുന്നു" എന്നുള്ള വാക്കുകൾ പൗലോസ് ഉപയോഗിച്ചിട്ടുണ്ട്.

ദൈവത്തിന്റെ സഭയെ കുറിച്ചുള്ള പദ്ധതി എന്നുള്ളത് കുറവുകളില്ലാത്ത പരിപൂർണമായ സഭയാണ്.എന്നാൽ ക്രിസ്തുവിന്റെ വീണ്ടും വരവിൽ മാത്രമേ ഈ ലക്ഷ്യം നിവർത്തിയാകുകയുള്ളു സഭ എന്ന ആത്മീക ഭവനത്തിന്റെ പൂർത്തീകരണത്തിനാവശ്യമായ ഒടുവിലത്തെ കല്ലും ചേർക്കപെടുമ്പോൾ മാത്രമാണ് കർത്താവ് വീണ്ടും വരുന്നത്. നിദ്ര പ്രാപിച്ച വിശ്വാസികൾ ഉയിർത്തെഴുന്നേൽക്കുകയും ജീവനോടെ ഇരിക്കുന്ന വിശ്വാസികൾ രൂപാന്തരപ്പെട്ട് ക്രിസ്തുവിന്റെ ശരീരമാകുന്ന സഭ അവനോട് കൂടി എന്നേക്കും ചേർക്കപ്പെടും. ***1 തെസ്സലോനിക്യർ 4 :13 - 18*** ശ്രദ്ധയോടെ വായിക്കുക. സഭ ശുദ്ധയും ,നിഷ്കളങ്കയും തേജസ്സും ഉള്ളതാണ്. ***എഫെസ്യർ 5:27.***

നമുക്ക് നമ്മുടെ ഹൃദയങ്ങളെ ഒന്ന് പരിശോധിക്കാം കർത്താവ് തന്റെ ജീവൻ നൽകികൊണ്ട് പണിയുന്ന സഭയിൽ നാം അംഗങ്ങൾ ആണോ?. ഈ സഭയുടെ അംഗം ആകുവാനായി നാം ഓരോരുത്തരും നമ്മുടെ പാപങ്ങളെ ഏറ്റുപറഞ്ഞു യേശുവിനെ രക്ഷകനും കർത്താവുമായി സ്വീകരിക്കുക എന്നതാണ് **ഏക മാർഗ്ഗം.**

# ന്യൂലൈഫ് പ്രവൃത്തി പരിചയം



**1 കർത്താവായ യേശുക്രിസ്തു സാധാരണ കല്ലുകൾ കൊണ്ടോ, മരം കൊണ്ടോ മറ്റ് വസ്തുക്കൾ കൊണ്ടോ അല്ല സഭ പണിതത്. ക്രിസ്തുവിന്റെ സഭ എന്താണെന്ന് വ്യക്തമായി വിശദീകരിക്കുക.** (4)

..............................................................................................................................

..............................................................................................................................

**2 *എഫേസ്യർ 5 :22 - 23* വരെയുള്ള വേദഭാഗങ്ങൾ ശ്രദ്ധിച്ച് വായിച്ച് , താഴെ പറയുന്ന ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക.** (5)

a. ക്രിസ്തു എന്തിന്റെ തലയാണ്?..........................................................................................

b. സഭയോടുള്ള തന്റെ സ്നേഹത്തെ എങ്ങനെയാണ് ക്രിസ്തു തെളിയിച്ചത്?.............................................

c. 27-ാം വാക്യത്തിൽ സഭയോടുള്ള ബന്ധത്തിൽ എന്താണ് ക്രിസ്തു ഒടുവിലായി ചെയ്യുവാൻ പോകുന്നത്?

..............................................................................................................................

d. ക്രിസ്തീയ സഭയിലെ ഏത് കാര്യത്തോടാണ് ക്രിസ്തുവും സഭയും തമ്മിലുള്ള ബന്ധത്തെ ഉപമിച്ചിരിക്കുന്നത്?

..............................................................................................................................

e. ഈ ഉപദേശത്തിന്റെ ഇന്നത്തെ അർത്ഥം എന്താണ്?.............................................................

..............................................................................................................................

**3 *എഫേസ്യർ 1 : 22 - 23* വരെയുള്ള വാക്യങ്ങളുടെ അടിസ്ഥാനത്തിൽ താഴെ കാണുന്ന വാക്യത്തിലെ വിട്ടുപോയ ഭാഗങ്ങൾ പൂരിപ്പിക്കുക.** (2)

**"വാഴ്ത്തപ്പെട്ട തേജസ്കരിക്കപ്പെട്ട ക്രിസ്തു സഭയുടെ........................................ യും സഭ ക്രിസ്തുവിന്റെ ........................................ ആകുന്നു.**

**4 *1 തെസ്സലോനിക്യർ 4-ാം* അദ്ധ്യായത്തിന്റെ അടിസ്ഥാനത്തിൽ താഴെ ഉള്ള ചോദ്യത്തിന് ഉത്തരം എഴുതുക:** (5)

a. ക്രിസ്തുവിന്റെ വീണ്ടും വരവിൽ ക്രിസ്തുവിൽ മരിച്ച വിശ്വാസികൾക്ക് എന്ത് സംഭവിക്കും?

..............................................................................................................................

b. ആ നിമിഷത്തിൽ ജീവിച്ചിരിക്കുന്ന വിശ്വാസികൾക്ക് എന്ത് സംഭവിക്കും?

..............................................................................................................................

c. കർത്താവുമായുള്ള കൂടിക്കാഴ്ച എവിടെ വെച്ച് സംഭവിക്കും?

..............................................................................................................................

d. എന്തുകൊണ്ടാണ് ഈ സംഭവത്തെ "എതിരേൽപ്പാൻ" എന്ന് പറഞ്ഞിരിക്കുന്നത്?

..............................................................................................................................

e. ഭാവിയിൽ "ശരീരവും തലയും" ഒരിക്കലും വേർപെടുകയില്ല എന്ന് ഏതു വാക്കുകളിലാണ് 17-ാം വാക്യത്തിൽ എഴുതിയിരിക്കുന്നത്?

..............................................................................................................................

**5 ക്രിസ്തുവിനേയും സഭയേയും "തലയോടും ശരീരത്തോടും" ഉപമിച്ചിരിക്കുന്നതിൽ അടങ്ങിയിട്ടുള്ള ചിന്തകൾ എന്തെല്ലാമാണ്?** (4)

..............................................................................................................................

..............................................................................................................................

**6 ഒരു വ്യക്തി എങ്ങിനെയാണ് ക്രിസ്തുവിന്റെ ശരീരത്തിലെ അംഗമായി തീരുന്നത്. വ്യക്തമായി വിശദീകരിക്കുക** (5)

..............................................................................................................................

..............................................................................................................................

25

ആകെ മാർക്ക്

# ന്യൂലൈഫ്
ബൈബിൾ പഠന കോഴ്സ്

പേര്.............................................

**സഭ**

**യൂണിറ്റ് A**

## പഠനം 4. സഭയുടെ ശുശ്രൂഷകളും അംഗങ്ങളുടെ വ്യക്തി സവിശേഷതകളും

**വായനാഭാഗം: പ്രവൃത്തികൾ 2: 41-47, 4: 32-37; 11: 27-30**

**താക്കോൽവാക്യം: പ്രവൃത്തികൾ 2 :42**

**"അവർ അപ്പോസ്തലന്മാരുടെ ഉപദേശം കേട്ടും, കൂട്ടായ്മ ആചരിച്ചും, അപ്പം നുറുക്കിയും, പ്രാർത്ഥന കഴിച്ചു പോന്നു."**

സഭയുടെ ആദ്യകാല നാളുകളിലേക്ക് ഒന്ന് വിചിന്തനം ചെയ്യുകയാണ് ഈ പാഠത്തിൽ നമ്മൾ ഉദ്ദേശിക്കുന്നത്. താഴെ ഉള്ള ച്ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്താനാണ് ഇനി ശ്രമിക്കുന്നത്.

വിശ്വാസികളുടെ അടിസ്ഥാന വിശ്വാസ പ്രമാണങ്ങൾ എന്തൊക്കെയായിരുന്നു? വിശ്വാസികൾ എങ്ങനെയുള്ളവർ ആയിരുന്നു?

ആദ്യകാല വിശ്വാസികൾ ചെയ്ത കാര്യങ്ങൾ സഭ ഈ ഭൂമയിൽ ഉള്ളേടത്തോളം കാലം ചെയ്യേണം എന്ന് ദൈവം ആഗ്രഹിക്കുന്നുണ്ടോ? പ്രവൃത്തികളുടെ പുസ്തകം രണ്ടാം അദ്ധ്യായത്തിൽ സഭ ആരംഭിച്ചപ്പോൾ ഉണ്ടായിരുന്ന ആദ്യവിശ്വാസികളുടെ വിശ്വാസപ്രമാണങ്ങളും ശുശ്രൂഷകളും നമുക്ക് വായിച്ചു മനസിലാക്കുവാൻ കഴിയും.

1. ക്രിസ്തുയേശുവിൽ വിശ്വസിച്ചവർ എല്ലാവരും "സ്നാനം" ഏറ്റു.അതായത് വിശ്വസിച്ചവർ എല്ലാവരും അപ്പോൾ തന്നെ വെള്ളത്തിൽ മുങ്ങി സ്നാനം ഏറ്റു.അതിന്റെ അർത്ഥം അവരുടെ പഴയ ജീവിതം കഴിഞ്ഞുപോയി ക്രിസ്തുവിൽ പുതിയ ഒരു ജീവിതം ആരംഭിച്ചു എന്നാണ്.
2. "അവർ അപ്പോസ്തലന്മാരുടെ ഉപദേശത്തിൽ തുടർന്നു" ***(പ്രവൃത്തികൾ 2 :42)*** അപ്പോസ്തലന്മാർ ആദ്യം യേശുവിന്റെ ശിഷ്യന്മാർ ആയിരുന്നു. യേശുവിന്റെ ഭൗമീക ജീവിത കാലത്തിൽ അവർ അവനോട് കേട്ട് പഠിക്കയും പിന്നീട് ആദിമ വിശ്വാസികളുടെ ഉപദേഷ്ടാക്കന്മാരും ആയി തീർന്നു. അപ്പോസ്തലന്മാരുടെ ഉപദേശങ്ങൾ ഘനകരമായും, ആധികാരികമായും, ആദിമ വിശ്വാസികൾ സ്വീകരിച്ചു. ഇതാണ് അപ്പോസ്തലന്മാരുടെ ഉപദേശത്തിൽ തുടർന്നു എന്നത് കൊണ്ട് അർത്ഥമാക്കുന്നത്. അപ്പോസ്തലന്മാരുടെ ഉപദേശങ്ങൾ പിന്നീട് പുതിയനിയമത്തിലെ ലേഖനങ്ങളിൽ രേഖപ്പെടുത്തുകയും അവ പിന്നീട് സഭയുടെ അടിസ്ഥാനപ്രമാണങ്ങൾ ആയിത്തീരുകയും ചെയ്തു.
3. അവർ തുടർച്ചയായി ഒരുമിച്ച് കൂടുകയും അന്യോന്യം പ്രബോധിപ്പിക്കുകയും, കൂട്ടായ്മ അനുഭവിക്കുകയും, അതിൽ സന്തോഷിക്കുകയും ചെയ്തു. ദൈവസഭ സാധ്യമാകുമ്പോഴൊക്കെ ഒരുമിച്ചു കൂടണം എന്നുള്ളത് ഇപ്പോഴും ദൈവത്തിന്റെ ഉദ്ദേശം ആകുന്നു. ***(എബ്രായർ 10 :25*** വായിക്കുക) .
4. "അപ്പം നുറുക്കുക" അവർ വളരെ പ്രാധാന്യം നൽകിയ ഒരു ശുശ്രൂഷ ആയിരുന്നു ***(പ്രവൃത്തികൾ 2 :42)*** കർത്താവായ യേശുക്രിസ്തുവിന്റെ ശരീരത്തെയും രക്തത്തേയും ഓർമിപ്പിക്കുന്ന അപ്പവീഞ്ഞുകളെ കുറിക്കുന്ന കർതൃമേശയാണ് ഇവിടെ അർത്ഥമാക്കുന്നത്. കർത്താവിന്റെ കല്പന അനുസരിച്ചാണ് അവർ ആ കാര്യം ചെയ്തത്. ***(1കൊരിന്ത്യർ 11 :23 - 26*** ശ്രദ്ധിച്ചു വായിക്കുക)
5. "പ്രാർത്ഥനാ ജീവിതം" അവർക്ക് ഉണ്ടായിരുന്നു.ആദ്യ നൂറ്റാണ്ടിലെ സഭാ വിശ്വാസികളുടെ ജീവിതത്തിൽ പ്രാർത്ഥനക്കായി അവർ വളരെ സമയം വേർതിരിച്ചിരുന്നു. ക്രിസ്തീയ വിശ്വാസികൾക്ക് രഹസ്യ പ്രാർത്ഥന വളരെ ആവശ്യമാണ് എന്നിരുന്നാലും പ്രവൃത്തികളുടെ പുസ്തകത്തിൽ സഭ ഒരുമിച്ചു ചേർന്നുള്ള പ്രാർത്ഥനാ കൂട്ടായ്മകൾക്ക് വളരെ പ്രാധാന്യം നൽകിയിരുന്നു ***(പ്രവൃത്തികൾ12:5 &12*** വാക്യങ്ങൾ വായിക്കുക)

വിശ്വാസികൾക്ക് ഉണ്ടായിരുന്ന ഈ സ്വഭാവ വിശേഷതകൾ തുടക്കത്തിൽ മാത്രമല്ല കർത്താവിന്റെ വീണ്ടും വരവുവരെയുള്ള എല്ലാ തലമുറകൾക്കും ഉണ്ടാകേണ്ട സ്വഭാവ വിശേഷതകൾ ആണ് ഇങ്ങനെ ആത്മീക സ്വഭാവമുള്ള വിശ്വാസികളോട് ഒരുമിച്ച് ചേർന്ന് പോകുക എന്നതാണ് ഒരു യഥാർത്ഥ വിശ്വാസി എന്ന നിലയ്ക് നമുക്കോരോരുത്തർക്കും ഉണ്ടാകേണ്ടതാണ്. ഈ സവിശേഷതകൾ ഇല്ലാത്ത ഒരു സഭ പുതിയനിയമ പ്രകാരം ഉള്ള ഒരു മാതൃകാ സഭയായി കണക്കാക്കുവാൻ സാധ്യമല്ല. ആത്മീകമായ നല്ല വളർച്ചയുണ്ടാകുവാൻ നല്ല ഒരു സ്ഥലം സഭ കണ്ടെത്തുകയും ആ സഭയ്ക്കു കീഴ്പെട്ട് പൂർണ സമർപ്പണത്തോടെ പോകുകയും ചെയ്യണം.

ക്രിസ്തുവിന്റെ സഭയുടെ അംഗങ്ങൾ എങ്ങിനെയുള്ളവർ ആയിരിക്കണം എന്ന് പ്രവൃത്തികളുടെ പുസ്തകത്തിൽ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. താഴെ കാണുന്ന കാര്യങ്ങൾ ശ്രദ്ധിക്കുക:

1. അവർ നന്ദിയുള്ളവരും സന്തോഷമുള്ളവരും ആയിരുന്നു. ***(പ്രവൃത്തികൾ 2 :46 - 47*** വായിക്കുക) അവരുടെ വിശ്വാസം മടുപ്പും വിരസതയും ഉള്ളതായിരുന്നില്ല മറിച്ച് ജീവനുള്ളതും ശക്തിയുള്ളതും ആയിരുന്നു.
2. അവർ വളരെ ഐക്യം ഉള്ളവരും ആ ഐക്യത മറ്റുള്ളവർക്ക് മനസിലാക്കുവാനും കഴിഞ്ഞു. എന്നാൽ കാലാന്തരത്തിൽ സാത്താന്യ സ്വാധീനത്തിൽ അനേക സഭകളിൽ ഭിന്നതകൾ ഉണ്ടായിട്ടുണ്ട്.
3. അവർ അന്യോന്യം കരുതുന്നവരും തങ്ങൾക്കുള്ളത് മറ്റുള്ളവരുമായി പങ്കുവയ്ക്കുവാൻ മനസുള്ളവരും ആയിരുന്നു.***(പ്രവൃത്തികൾ 2: 44 - 45. 4: 32 - 35)***
4. അടുത്തുള്ളവരോട് തങ്ങളെ രക്ഷിച്ച കർത്താവിനെക്കുറിച്ചു പറയുവാൻ അവർക്ക് ഭയം ഉണ്ടായിരുന്നില്ല."അവർ ദൈവവചനം ധൈര്യത്തോടെ പ്രസ്താവിച്ചു" ***(പ്രവൃത്തികൾ 4:31)*** സുവിശേഷം പറയാതിരിക്കാൻ അവർക്ക് സാധിച്ചിരുന്നില്ല. യേശു തന്നെയാണ് ക്രിസ്തു എന്നുള്ളത് വിശ്വസിക്കാത്ത യഹൂദ മതനേതാക്കന്മാർ വിശ്വാസികളെ ഉപദ്രവിച്ചു.എങ്കിലും വിശ്വാസികൾ വളരെ ധൈര്യമുള്ളവരായിരുന്നു. ***(പ്രവൃത്തികൾ 5 :41*** വായിക്കുക)

നാം ഒന്നുകൂടി വെല്ലുവിളിക്കപ്പെട്ടിരിക്കുകയാണ്. ദൈവസഭയുടെ അംഗങ്ങൾക്ക് ഉണ്ടാകേണ്ട ഗുണങ്ങൾ നമുക്ക് ഉണ്ടോ? നാം കർത്താവിനെ യഥാർത്ഥമായി അനുസരിക്കുന്നവരാണോ? മറ്റുള്ളവരോടുള്ള സ്നേഹവും കരുതലും നമുക്കുണ്ടോ? ക്രിസ്തുവിന്റെ സുവിശേഷം നാം എത്രത്തോളം പ്രഘോഷിക്കുന്നുണ്ട്? ഏതെങ്കിലും മനുഷ്യ നിർമ്മിത സ്ഥാപനങ്ങളിലല്ല "ഞാൻ എന്റെ സഭയെ പണിയും" എന്ന് പറഞ്ഞ കർത്താവിന്റെ സഭയുടെ ഭാഗങ്ങൾ ആണ് നാം ഓരോരുത്തരും.

# ന്യൂലൈഫ് പ്രവൃത്തി പരിചയം

പഠനം 4. **സഭയുടെ ശുശ്രൂഷകളും അംഗങ്ങളുടെ വ്യക്തി സവിശേഷതകളും**

**1** **a.** ***പ്രവൃത്തികളുടെ പുസ്തകം 2:41*** ന്റെ അടിസ്ഥാനത്തിൽ ഒരു പുതിയ വിശ്വാസി ചെയ്യേണ്ട ആദ്യത്തെ കാര്യം എന്താണ്? (4)

..........

..........

**b.** ഏതു രീതിയിൽ ആണ് ക്രിസ്ത്യാനികൾ സ്നാനം ഏറ്റത്? *(**പ്രവൃത്തികൾ** 8 :36 39)*

..........

**c.** ക്രിസ്തീയ സ്നാനത്തിന്റെ അർത്ഥവും പ്രാധാന്യവും എന്താണ്?

..........

**2** **ആദ്യകാല സഭാ വിശ്വാസികൾ അപ്പോസ്തലന്മാരുടെ ഉപദേശത്തിൽ നിലനിന്നു** *(**പ്രവൃത്തികൾ** 2 :42)* (4)

1. ഇതിന്റെ അർഥം എന്താണെന്നു നിങ്ങളുടെ വാക്കുകളിൽ വിവരിക്കുക.

..........

..........

2. ഇന്ന് നമുക്ക് ഈ ഉപദേശത്തിൽ എങ്ങനെയാണ് നിലനിൽക്കുവാൻ കഴിയുക?

..........

**3** ***1 കൊരിന്ത്യർ 11 :23 26*** **ഈ വേദഭാഗങ്ങൾ വായിച്ച് താഴെ പറയുന്ന ചോദ്യങ്ങൾക്ക് ഉത്തരം നൽകുക.** (4)

1. എപ്പോഴാണ് കർത്തൃമേശയെക്കുറിച്ചുള്ള നിർദ്ദേശം യേശു തന്റെ ശിഷ്യന്മാർക്ക് നൽകിയത്?

..........

2. അപ്പത്തെക്കുറിച്ച് അവൻ എന്താണ് പറഞ്ഞത്?

..........

3. പാനപാത്രത്തെക്കുറിച്ച് അവൻ എന്താണ് പറഞ്ഞത്?

..........

4. അപ്പം നുറുക്കൽ ശുശ്രൂഷ അല്ലെങ്കിൽ കർതൃമേശ സഭയുടെ ആദ്യകാല വിശ്വാസികൾക്ക് വേണ്ടി മാത്ര മാണ് എന്ന ചിന്താഗതിക്ക് നിങ്ങൾ എന്ത് മറുപടി നൽകും?

..........

**4** **a. ദാരിദ്ര്യത്തിലും ആവശ്യത്തിലും ഇരുന്ന സഹ വിശ്വാസികൾക്ക്. തങ്ങളുടെ സ്നേഹവും കരുതലും എങ്ങനെയാണ് ആദിമകാല ക്രിസ്ത്യാനികൾ വെളിപ്പെടുത്തിയത്? വ്യക്തമായ ഒരു ഉദാഹരണം നൽകുക.** (4)

..........

b. ഈ സഹായ മനോഭാവത്തിന് ഒരു വർത്തമാനകാല ഉദാഹരണം നൽകുക.

..........

**5** **ഇന്ന് ഒരു പുതിയ വിശ്വാസിക്ക് ഏത് സ്ഥലം സഭയിൽ ചേരണം എന്ന് സംശയം തോന്നത്തക്ക നിലയിൽ ക്രൈസ്തവ സഭകൾ ഭിന്നിച്ചിരിക്കുകയാണ്. അങ്ങനെയുള്ള ഒരു വിശ്വാസിക്ക് നിങ്ങൾ എന്ത് ഉപദേശം ആണ് നൽകുക.** (5)

..........

**6** **ഒരു പുതിയ വിശ്വാസിക്ക് മറ്റ് വിശ്വാസികളുമായി കൂട്ടായ്മ ഉണ്ടാകുമ്പോൾ ലഭിക്കുന്ന നന്മകൾ എന്തെല്ലാമാണ്?** (4)

..........

..........

100 യൂണിറ്റിന്റെ ആകെ മാർക്ക്

Return your study sheets to:

25 ആകെ മാർക്ക്

© Bible Educational Services, www.besweb.com